"ഭരണഭാഷ - മാതൃഭാഷ"
**വ്യാവസായിക പരിശീലനവകുപ്പ്**
(കേരള സംസ്ഥാനം)
ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(നിലവിൽ: സബിൻ ജോസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. 23.12.2019 തീയതിയിലെ DT/3972/2019 നമ്പർ ഉത്തരവ്.
2. 18.01.2020 തീയതിയിലെ DT/3972/2019 നമ്പർ ഉത്തരവ്.
3.03.02.2020 തീയതിയിലെ DT/3972/2019(1) ,DT/3972/2019(2) , DT/3972/2019(3) നമ്പർ ഉത്തരവുകൾ.
4.26.02.2020 തീയതിയിലെ DT/3972/2019(1) , DT/3972/2019(2) നമ്പർ ഉത്തരവുകൾ.
5.29.02.2020 തീയതിയിലെ DT/3992/2019-A9 നമ്പരായ സ്റ്റോർ അറ്റൻഡർ തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
6.കണ്ണൂർ ഐ.ടി.ഐ.പ്രിൻസിപ്പാളിന്റെ 10.03.2020 തീയതിയിലെ B5/444/2019 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: DT/3972/2019-A9 തീയതി: 28/05/2020**

പരാമർശം(1) പ്രകാരം കൊല്ലം(വ)ഐ.ടി.ഐയിലെ സ്റ്റോർ അറ്റൻഡറായ ശ്രീമതി.അമ്പിളി.എസ്-ന് എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ അനുവദിച്ച സ്ഥാനകയറ്റം പരാമർശം(2) പ്രകാരം റദ്ദ് ചെയ്തത് മുഖേനയും, ചാക്ക ഐ.ടി.ഐയിലെ സ്റ്റോർ അറ്റൻഡർമാരായ ശ്രീമതി.ലതികകുമാരികെ.എൽ, രതി.കെ.ആർ, ആറ്റിങ്ങൽ ഐ.ടി.ഐയിലെ സ്റ്റോർ അറ്റൻഡർ സുനീഷ്.പി.എൽ, ധനുവച്ചപുരം ഐ.ടി.ഐയിലെ സ്റ്റോർ അറ്റൻഡർമാരായ വിജയകുമാർ .കെ, ഗോപകുമാർ.എ എന്നിവർക്ക് എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ അനുവദിച്ച ഉദ്യോഗകയറ്റം നിരാകരിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3), (4) പ്രകാരം Relinquishment അനുവദിച്ച് ഉത്തരവായത് മുഖേനയും എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ 6 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. കളമശ്ശേരി ഐ.ടി.ഐയിലെ എൽ.ഡി സ്റ്റോർ കീപ്പർ സേവനത്തിൽ നിന്ന് വിരമിച്ചത് മുഖേനെ ഒരു ഒഴിവും, പുഴക്കാട്ടിരി ഐ.ടി.ഐയിലെ എൽ.ഡി സ്റ്റോർ കീപ്പർ വകുപ്പിൽ നിന്നു വിടുതൽ ചെയ്തത് മുഖേനെ ഒരു ഒഴിവും ഉണ്ടായിട്ടുണ്ട്. ആയത് പ്രകാരം ഒഴിവുകൾ നിലവിലുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഐ.ടി.ഐ.ഇളമാട്
2. ഐ.ടി.ഐ.രാജാക്കാട്
3. ഐ.ടി.ഐ.പിണറായി
4. ഐ.ടി.ഐ.വടകര
5. ഐ.ടി.ഐ.വളയം
6. ഐ.ടി.ഐ.നെന്മേനി
7. ഐ.ടി.ഐ.കളമശ്ശേരി
8. ഐ.ടി.ഐ.പുഴക്കാട്ടിരി

സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ നിന്നും അർഹരായ ജീവനക്കാർക്ക് സ്ഥാനകയറ്റം

അനുവദിക്കുന്നതിനു മുൻപ് നിലവിലുള്ള ഒഴിവുകളിൽ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കണം എന്ന വ്യവസ്ഥ നിലവിലുണ്ട്. എന്നാൽ കോവിഡ്-19 പശ്ചാത്തലത്തിൽ രാജ്യത്തിലാകമാനം ലോക് ഡൌൺ നിലനിൽക്കുന്ന സാഹചര്യത്തിൽ യാത്രകൾ പരമാവധി കുറയ്ക്കണമെന്ന സർക്കാർ നിർദേശമുള്ളതിനാൽ ടി വ്യവസ്ഥ നിലവിൽ പാലിക്കാൻ സാധിക്കുകയില്ല.

മേൽ സാഹചര്യത്തിൽ ടി ഒഴിവുകൾ സ്റ്റോർ അറ്റൻഡർ തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അർഹരായ ജീവനക്കാർക്ക് KS & SSR ലെ പൊതുചട്ടം 28 (b)(ii) പ്രകാരം 19000-43600 ശമ്പള നിരക്കിൽ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഉദ്യോഗകയറ്റം അനുവദിച്ച് താത്കാലികമായി നിയമിച്ച് ഉത്തരവാകുന്നു. ടി ജീവനക്കാരിൽ **ക്രമ നം.239.ഷൈലജ.കെ, ഐ.ടി.ഐ.കണ്ണൂർ** അനധികൃത ഹാജരില്ലായ്മയിൽ തുടരുകയാണെന്ന് പരാമർശം(6) പ്രകാരം ഐ.ടി.ഐ.പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി നിലവിലുള്ളതിനാൽ ടിയാൾക്ക് ഉദ്യോഗകയറ്റം അനുവദിക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നു.

| ക്രമ നം | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം | പേര്/തസ്തിക /സ്ഥാപനം | സ്ഥാനകയറ്റം അനുവദിച്ച് നിയമിക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 236 | വിജയരാജ്.കെ.റ്റി<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.കൊയിലാണ്ടി | ഐ.ടി.ഐ.പിണറായി | |
| 2 | 237 | വിജുകുമാർ.കെ<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.കോഴിക്കോട് | ഐ.ടി.ഐ.വടകര | |
| 3 | 238 | ബിജു.പി.കെ<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.കാസർഗോഡ് | ഐ.ടി.ഐ.വളയം | |
| 4 | 240 | യശോധ.പി<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.മലമ്പുഴ. | ഐ.ടി.ഐ.പുഴക്കാട്ടിരി | |
| 5 | 241 | ബിനോജ് പോൾ<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.അരീക്കോട് | ഐ.ടി.ഐ.നെന്മേനി | |
| 6 | 242 | അശോകൻ.ജി<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.ചെന്നീർക്കര | ഐ.ടി.ഐ.ഇളമാട് | |
| 7 | 243 | ഹരിനാരായണൻ.റ്റി.വി<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.കയ്യൂർ | ഐ.ടി.ഐ.കളമശ്ശേരി | |
| 8 | 244 | ജിമ്മി ജോസഫ്<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ.പള്ളിക്കത്തോട്. | ഐ.ടി.ഐ.രാജാക്കാട് | |

ലോക്ക്ഡൌൺ പിൻവലിക്കുകയും പൊതുഗതാഗത സംവിധാനങ്ങൾ പൂർവസ്ഥിതിയിലാകുകയും ചെയ്യുമ്പോഴോ, പൊതുസ്ഥലമാറ്റം വഴിയോ നിലവിലെ തുറന്ന ഒഴിവുകളിലേയ്ക്ക് നൽകിയിട്ടുള്ള/ലഭിക്കുന്ന അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ മേൽപറഞ്ഞ ജീവനക്കാർക്ക് നിലവിൽ നിയമനങ്ങൾ നൽകിയിട്ടുള്ള സ്ഥാപനങ്ങൾ പുനഃപരിശോധിക്കുന്നതാണ്.

സ്ഥാനകയറ്റം അനുവദിച്ച ജീവനക്കാർ ഉടൻ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ വാങ്ങി പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. വിടുതൽ ചെയ്തതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ടി ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ജോയിനിംഗ് ടൈം/ TA എന്നിവയ്ക്ക് അർഹതയുണ്ട്.

(ഒപ്പ്)
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**സ്വീകർത്താവ് :-**

ബന്ധപ്പെട്ട ജീവനക്കാർ

(മേലധികാരി മുഖേനെ)

**പകർപ്പ് :-**

1.ബന്ധപ്പെട്ട സ്ഥാപനമേധാവികൾ

2.സി.എ(DT/ADT/JDT)

3.വകുപ്പ് വെബ്സൈറ്റ്

//ഉത്തരവിൻ പ്രകാരം//
Reji S
സീനിയർ സൂപ്രണ്ട്